YEARS OF CELEBRATING THE MAHATMA

Break the chain

<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ: ചേതൻ കുമാർ മീണ IAS)

ഉത്തരവ് നം. SJD/742/2021-E6

തിരുവനന്തപുരം,
തീയതി. 20-09-2023

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുന:സംഘടന 31.12.2020 തീയതി പ്രാബല്യത്തിലുള്ള ഓഫീസ്അറ്റൻഡന്റ്/ വാച്ച്മാൻ/ വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റിലിസ്റ്റ് - ഉൾപ്പെടുത്തലുകൾ/ഭേദഗതികൾ വരുത്തി അന്തിമമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.സ.ഉ (പി) നം. 10/2019/സാനീവ തീയതി 21/10/2019.

2.സ.ഉ (കൈ) നം. 37/2020/സാനീവ തീയതി 28/12/2020.

3.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 04-05-2021 ലെ SJD/742/2021-E6 നടപടിക്രമങ്ങൾ.

4.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 04-10-2021 ലെ SJD/742/2021-E6 നടപടിക്രമങ്ങൾ

5.പ്രൊബേഷൻ ഓഫീസർ തിരുവനന്തപുരത്തിന്റെ 5/10/2021 തീയതിയിലെ DPO/T/250/2021-DPO നം. കത്ത്.

6.തവനൂർ ഗവ.വൃദ്ധമന്ദിരം സൂപ്രണ്ടിന്റെ 8/10/2021-ലെ OAHM/49/2021 നം. കത്ത്.

7.പ്രൊബേഷൻ ഓഫീസർ ആറ്റിങ്ങലിന്റെ 11/10/2021 തീയതിയിലെ SJD/TVM/DPOA/5004/2021-DPO നം. കത്ത്.

8.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 19-08-2023 ലെ SJD/742/2021-E6 നടപടിക്രമങ്ങൾ

സാമൂഹ്യനീതിവകുപ്പിൽ പരാമർശം (1) പ്രകാരമുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുന:സംഘടന പ്രകാരവും, പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ചും വനിത ശിശുവികസന വകുപ്പിൽ പുനർ വിന്യസിക്കപ്പെട്ട ജീവനക്കാരെ ഒഴിവാക്കി 31-12-2020 പ്രാബല്യത്തിലുള്ള ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ കരട് സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിക്കുകയും ലിസ്റ്റിൻമേലുള്ള ആക്ഷേപം ക്ഷണിക്കുകയും ചെയ്തിരുന്നു. കാര്യാലയ മേധാവികളിൽ നിന്നും നിശ്ചിത തീയതിക്കുള്ളിൽ ലഭ്യമായ പരാതി/അപേക്ഷകൾ പരിശോധിച്ച് ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (4) പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി.

പരാമർശം (4) പ്രകാരം പ്രസിദ്ധപ്പെടുത്തിയ അന്തിമ സീനിയോറിറ്റിലിസ്റ്റിൽ പ്രൊബേഷൻ ഓഫീസ് തിരുവനന്തപുരത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.സുവർണ്ണകുമാർ.കെ ഉൾപ്പെട്ടില്ല എന്ന അപേക്ഷ/ആക്ഷേപം പരാമർശം (5) പ്രകാരം ലഭിക്കുകയുണ്ടായി. അനുബന്ധ രേഖകൾ പ്രകാരം ടിയാൻ പരാമർശം (4) ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിന്റെ ഭേദഗതിയിൽ ക്രമ നം. 31 രമ്യ.കെ.ആർ.നും ക്രമ നം. 32 യശ്പാൽകപൂർ.ആർ.നും ഇടയിലായി ക്രമ നം. 31 (A) ആയി ഉൾപ്പെടുവാൻ അർഹനാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

പരാമർശം (6) പ്രകാരം ലഭ്യമായ കത്തിൽ പരാമർശം (4) ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ തവനൂർ ഗവ.വൃദ്ധമന്ദിരത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ശിബിൻലാൽ.കെ ഉൾപ്പെട്ടില്ല എന്ന അപേക്ഷ/ആക്ഷേപം ലഭ്യമാവുകയുണ്ടായി. അനുബന്ധ രേഖകൾ പ്രകാരം ടിയാൻ അന്തിമ സീനിയോറിറ്റി ലിസ്റ്റിന്റെ ഭേദഗതിയിൽ ക്രമനം. 90 സനൽകുമാർ.ആർ.-നും. ക്രമ നം. 91 സഞ്ജു.പി.സോമനും ഇടയിലായി ക്രമനം. 91 (A) ആയി ഉൾപ്പെടുവാൻ അർഹനാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

പരാമർശം (7) പ്രകാരം ലഭ്യമായ കത്തിൽ പരാമർശം (4) ലെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ പ്രൊബേഷൻ ഓഫീസ് ആറ്റിങ്ങലിലെ ഓഫീസ് അറ്റൻഡന്റ് ക്രമനം.96 ശ്രീ.റിനു.എ-യുടെ വിദ്യഭ്യാസയോഗ്യത ഉൾപ്പെട്ടില്ല എന്ന അപേക്ഷ/ആക്ഷേപം ലഭ്യമാകകയുണ്ടായി. അനുബന്ധ രേഖകൾ പ്രകാരം ടിയാളുടെ വിദ്യഭ്യാസ യോഗ്യത B.A. എന്ന് ഉൾപ്പെടുത്താവുന്നതാണ് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ.സുവർണ്ണകുമാർ.കെ, ശ്രീ.ശിബിൻലാൽ.കെ എന്നീ ജീവനക്കാരെ പി.എസ്.സി അഡ്വൈസ് അടിസ്ഥാനപ്പെടുത്തി അർഹത വിധേയമായി പരാമർശം (4) ലെ അന്തിമ സീനിയോരിറ്റിലിസ്റ്റിൽ യഥാക്രമം ക്രമ നം. 31 (A), ക്രമനം. 91 (A) എന്നീ സ്ഥാനങ്ങളിൽ ഉൾപ്പെടുത്തികൊണ്ടും, ക്രമ നം. 96 ശ്രീ.റിനു.എ യുടെ വിദ്യഭ്യാസ യോഗ്യത ഉൾപ്പെടുത്തിയും പരാമർശം (8) പ്രകാരം കരട് സീനിയോറിറ്റിലിസ്റ്റ് പ്രസിദ്ധപ്പെടുത്തി പരാതി/ആക്ഷേപം ക്ഷണിക്കുകയുണ്ടായി.

ജീവനക്കാരിൽ നിന്നും ആക്ഷേപങ്ങളോ പരാതികളോ ലഭിക്കാത്ത സാഹചര്യത്തിൽ പരാമർശം (8) പ്രകാരമുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് ചുവടെ ചേർക്കുന്ന പ്രകാരം അന്തിമമായി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | പി.എസ്.സി അഡ്വൈസ് നമ്പരും തീയതിയും/ നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 31 എ | സുവർണ്ണകുമാർ.കെ<br>ഓഫീസ് അറ്റൻഡന്റ്<br>665741 | 24/05/1972 | B.com | DOA | KIII(2)2623/06<br>Dt: 23/12/2011 of Dist.PSC, KTM<br>E6-611/2010, Dt:21/01/2012 Director DSW, TVM | 02/02/2012 |
| 91. എ | ശിബിൻലാൽ.കെ<br>ഓഫീസ് അറ്റൻഡന്റ്<br>പെൻ നം.885204 | 05/01/1997 | Bsc | | MR2-1/11/2019-KPSC-DOMLPM (3) dt. 05-12-2019<br>SJD/100819/2019-E4<br>DT: 18/01/2020 | 29/01/2020 |
| 96 | റിനു. എ<br>ഓഫീസ് അറ്റൻഡന്റ്<br>പെൻ നം.892045 | 03/11/1994 | BA. | | DTD(3)3752/17(1),Dt: 03/03/2020<br>SJD/100819/2019-E4 DT: 11/06/2020 | 17/06/2020 |

ചേതൻ കുമാർ മീണ. IAS
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

<u>പകർപ്പ് :</u>
ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖേന)

/116803/2023

1. ബന്ധപ്പെട്ട കാര്യാലയങ്ങൾക്ക്.
2. സൂപ്രണ്ട്; എഫ് സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്